**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5096** — **02-11-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം, ചേലേമ്പ്ര എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഈ വർഷം (2021-22) -ൽ പുതുതായി നടപ്പിലാക്കുന്നു. അതോടൊപ്പം വള്ളിക്കുന്ന് പഞ്ചായത്തിൽ കേരഗ്രാമം 3-ാം വർഷ പദ്ധതിയായി നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും മുൻ വർഷങ്ങളിൽ കേരഗ്രാമത്തിനായി തിരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നല്കി കേരഗ്രാമം സ്ഥാപിക്കുന്നതിനായി പുതുതായി തിരഞ്ഞെടുക്കുന്നത്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി താൽപ്പര്യമുള്ള ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം, ചേലേമ്പ്ര എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഈ വർഷം (2021-22) -ൽ പുതുതായി നടപ്പിലാക്കുന്നു. അതോടൊപ്പം വള്ളിക്കുന്ന് പഞ്ചായത്തിൽ കേരഗ്രാമം 3-ാം വർഷ പദ്ധതിയായി നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും മുൻ വർഷങ്ങളിൽ കേരഗ്രാമത്തിനായി തിരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നല്കി കേരഗ്രാമം സ്ഥാപിക്കുന്നതിനായി പുതുതായി തിരഞ്ഞെടുക്കുന്നത്. |
| (സി) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ലഭിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നാളിതുവരെ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതികളുടെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| **വർഷം** | **പഞ്ചായത്ത്** |
|---|---|
| 2017–18 | മൂന്നിയൂർ |
| 2018–19 | പെരുവള്ളൂർ |
| 2019–20 | വള്ളിക്കുന്ന് |
| 2021–22 | തേഞ്ഞിപ്പാലം |
| | ചേലേമ്പ്ര |